(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

നാളികേര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതിക്ക് കേന്ദ്ര സഹായം

*3 [394] *ശ്രീ. പി. ജയരാജൻ:*
ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ശ്രീ. വി. കെ. സി. മമ്മത്കോയ:
,, എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാളികേരത്തിന്റെ ഉല്പാദനം കുറഞ്ഞുവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ നാളികേരത്തിന്റെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) നാളികേരത്തിന്റെ ഉല്പാദനത്തോത് വർദ്ധിപ്പിക്കുന്നതിനായി ഏതെല്ലാം കേന്ദ്രാവിഷ്കൃത പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് പറയാമോ; ഇതിനായി ഇതിനകം എന്തു തുകയുടെ ധനസഹായമാണ് ലഭിച്ചിട്ടുള്ളത്;

(ഡി) നാളികേരകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; നാളികേര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ സമർപ്പിച്ച പദ്ധതിക്ക് കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി *(ശ്രീമതി കെ. ആർ. ഗൗരിയമ്മ):*

(എ) സംസ്ഥാനത്ത് 2001-2002-മുതൽ നാളികേരത്തിന്റെ ഉല്പാദനം കൂടിവരികയാണ് ചെയ്തിട്ടുള്ളത്. 2001-2002-ൽ സംസ്ഥാനത്ത് 5479 ദശലക്ഷം നാളികേരം ഉണ്ടായ സ്ഥാനത്ത് 2003-2004-ൽ 5876 ദശലക്ഷമായി വർദ്ധിച്ചു.

(ബി) നാളികേരത്തിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി താഴെപ്പറയുന്ന പ്രധാന പദ്ധതികൾ നടപ്പിലാക്കിവരുന്നു:

(1) സമഗ്ര നാളികേര വികസന പദ്ധതിയിൽപ്പെടുത്തി പ്രദർശനത്തോട്ടം സംഘടിപ്പിക്കൽ

(2) ജൈവവള യൂണിറ്റുകൾ സ്ഥാപിക്കൽ

(3) ഗുണമേൻമയുള്ള തെങ്ങിൻതൈകളുടെ ഉല്പാദനവും വിതരണവും

(4) ടെക്നോളജി മിഷൻ പദ്ധതിപ്രകാരം തിരുവനന്തപുരം, തൃശ്ശൂർ ജില്ലകളിൽ കാറ്റുവീഴ്ച രോഗം ബാധിച്ച തെങ്ങ് മുറിച്ചുമാറ്റൽ

(5) മണ്ഡരി നിയന്ത്രണം

(6) കോഴിക്കോട് ജില്ലയിലെ തെങ്ങുകളുടെ കൂമ്പുചീയൽ രോഗ നിയന്ത്രണം

LIBRARY ARCHIVES Kerala Legislative Assembly

(7) നാളികേരവികസനത്തിനുള്ള സംസ്ഥാന പദ്ധതി

(8) ഇതിനുപുറമേ കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം എന്നീ ജില്ലകളിലെ കാറ്റുവീഴ്ചബാധയുള്ള തെങ്ങുകൾ മുറിച്ചുമാറ്റി പുതിയ തൈകൾ വച്ചുപിടിപ്പിക്കൽ, സംയോജിത വളപ്രയോഗം, സംയോജിത കീടനിയന്ത്രണം, ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ, തിരുവനന്തപുരത്ത് സെൻട്രൽ സിറോജിക്കൽ ലാബും, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട എന്നിവിടങ്ങളിൽ 3 സാറ്റലൈറ്റ് ലാബും സ്ഥാപിക്കുക എന്നിവയ്ക്കായി സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ച ബൃഹത്തായ ഒരു പദ്ധതിക്ക് പ്ലാനിംഗ് കമ്മീഷന്റെ അംഗീകാരം കിട്ടിക്കഴിഞ്ഞിട്ടുണ്ട് (1924 കോടി രൂപ അടങ്കൽ തുക).

(സി) നാളികേരത്തിന്റെ ഉല്പാദനത്തോത് വർദ്ധിപ്പിക്കുന്നതിന് താഴെ പറയുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കിവരുന്നു:

(1) നാളികേര വികസന ബോർഡ് സമഗ്ര നാളികേരകൃഷിവികസനം (2001-2002 മുതൽ 2004-2005 വരെ) 2022.35 ലക്ഷം രൂപ

(2) മണ്ഡരി രോഗനിയന്ത്രണം 2001-2002 മുതൽ 24.25 കോടി രൂപ

(3) നാളികേര ടെക്നോളജി മിഷൻ പദ്ധതി കാറ്റുവീഴ്ച നിയന്ത്രണം (2002-2003, 2004-2005) 9.424 കോടി രൂപ

(4) കോഴിക്കോട് ജില്ലയിലെ കൂമ്പുചീയൽ രോഗനിയന്ത്രണം 1.70063 ലക്ഷം.

(ഡി) നാളികേരകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ ഉൾക്കൊള്ളിച്ച് ചില പദ്ധതികൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചു. പദ്ധതികൾ (കേന്ദ്ര സഹായം ലഭിച്ചതുൾപ്പെടെ) ചുവടെ ചേർക്കുന്നു:

(1) മണ്ഡരിനിയന്ത്രണം പദ്ധതിക്ക് 24.25 കോടി രൂപ കേന്ദ്രസഹായം ലഭിച്ചു

(2) നാളികേര ടെക്നോളജി മിഷനിൽ ഉൾപ്പെടുത്തി തിരുവനന്തപുരം, തൃശ്ശൂർ ജില്ലകളെ അതിർത്തിപ്രദേശമായി നിലനിർത്തി കാറ്റുവീഴ്ച രോഗനിയന്ത്രണത്തിന് 9.424 കോടി രൂപ സഹായമായി അനുവദിച്ചിട്ടുണ്ട്.

(3) കാറ്റുവീഴ്ച രോഗബാധയുള്ള കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം ജില്ലകളിലെ രോഗം നിയന്ത്രിക്കുന്നതിനായി കേന്ദ്ര സർക്കാരിന് 1924.67 കോടി രൂപയുടെ ഒരു പദ്ധതി സമർപ്പിച്ചിട്ടുണ്ട്. സഹായധനം ലഭിച്ചിട്ടില്ല. പദ്ധതിക്ക് പ്ലാനിംഗ് കമ്മീഷന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly